**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5678** — **03.11.2016-ൽ മറുപടിയ്ക്ക്**

**ഗോത്ര സാരഥി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ. പി.വി. അൻവർ<br>ശ്രീ.കെ. ബാബു | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ, മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ അക്രമ ഭീഷണിയും കാരണം വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി സ്വന്തം ഊരുകളിൽ നിന്നും കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി. |

| | | | |
|---|---|---|---|
| സി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; | സി) | ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിന് അതാത് പഞ്ചായത്ത് ഭരണസമിതിയുടെ ശുപാർശയോടെ സ്കൂളുകളെ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തെരഞ്ഞെടുക്കുന്നു. സ്കൂൾ പി.ടി.എ പ്രസിഡന്റ് പ്രസിഡന്റായും, സ്കൂൾ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ കൺവീനറായും സ്ഥലം ഗ്രാമപഞ്ചായത്ത് മെമ്പർ, സീനിയർ അദ്ധ്യാപകൻ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന 2 സാമൂഹ്യ പ്രവർത്തകർ (ഒരു പുരുഷൻ, ഒരു സ്ത്രീ), സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചാണ് ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) | സ്കൂളുകളിലേയ്ക്കുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഈ പദ്ധതിയുടെ സദുദ്ദേശത്തിനനുസൃതമായി അർഹരായ എല്ലാവരെയും പഞ്ചായത്ത് ഭരണസമിതിയുടെ ശുപാർശയോടെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ